**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **14-03-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പാസഞ്ചർ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി - കോഴിക്കോട്, കൊച്ചി - തിരുവനന്തപുരം, കോവളം - കന്യാകുമാരി എന്നീ മേഖലകളിൽ തീരദേശ പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | (എ) | കോവളം-കന്യാകുമാരി മേഖലകളെ ബന്ധിപ്പിച്ച കൊണ്ട് അതിവേഗ യാത്രാ സർവ്വീസ് ആരംഭിക്കുന്ന തിന് M/s.NATPAC – തയ്യാറാക്കിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് മാരിടൈം ബോർഡിന്റെ സ്റ്റേറ്റ് പോർട്ടോഫീസറെ ബന്ധപ്പെട്ടെ ങ്കിലും തമിഴ്നാട് മാരിടൈം ബോർഡിന് കീഴിൽ പാസഞ്ചർ ടെർമിനൽ ഇല്ലാത്തതിനാൽ ഈ പ്രൊപ്പോസൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയത് നടപ്പിൽ വരുത്തുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാസഞ്ചർ സർവ്വീസ് ആരംഭിക്ക ന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. സർവ്വീസ് തുടങ്ങുവാൻ സ്വകാര്യ പാർട്ടികൾ തയ്യാറാകാത്തതിനാലാണ് ഈ പദ്ധതി നടപ്പാക്കാ ത്തത്. ഈ സർവ്വീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | നീണ്ടകര, വലിയതുറ, കായംകുളം, മാനക്കോടം, മുനമ്പം, കൊടുങ്ങല്ലൂർ, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ, നീലേശ്വരം, കാസർഗോഡ്, മഞ്ചേശ്വരം എന്നീ നോൺ മേജർ തുറമുഖങ്ങളുടെ പ്രവർത്തനത്തിനായി വിവിധ സമുദ്ര ഭൗമ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമായ റിപ്പോർട്ട് നൽകാമോ? | (ബി) | വലിയതുറ തുറമുഖത്തെ പോർട്ട് കോമ്പൗണ്ട് സംരക്ഷണ പ്രവൃത്തി, വലിയതുറ കടൽപ്പാലം (50 മീറ്റർ) നവീകരിക്കുന്ന പ്രവൃത്തി, കോഴിക്കോട് ബേപ്പൂർ തുറമുഖത്ത് ഐ.എസ്.പി.എസ് കോഡ് പ്രകാരമുള്ള കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി, ബേപ്പൂർ തുറമുഖത്ത് വിവിധ പ്രവൃത്തികൾ (ടാറിംഗ്, പമ്പ് ഹൗസ്, ഹൈമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ മുതലായവ) മുതലായവ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം നടപ്പിലാക്കിവരുന്നു. കാസറഗോഡ് തുറമുഖത്ത് കോമ്പൗണ്ട് വാൾ നിർമ്മാണം പൂർത്തീകരിച്ചു. നീണ്ടകരയിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി കെട്ടിട നിർമ്മാണം നടന്നുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കോസ്റ്റൽ ഷിപ്പിംഗ് ഓപ്പറേഷൻ നടക്കുന്നുണ്ട്. മറ്റ് തുറമുഖങ്ങളിൽ പ്രധാനമായും കെട്ടിടങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ലൈസൻസ് അനുവദിച്ച് നൽകലും മാനുവൽ ഡ്രഡ്ജിംഗുമാണ് നടക്കുന്നത്. കാസർഗോഡ് തളങ്കരയിലും, ബേപ്പൂരിലും കോസ്റ്റൽ ടൂറിസവുമായി ബന്ധപ്പെട്ട് പദ്ധതികൾ പരിഗണനയിലുണ്ട്. പൊന്നാനി തുറമുഖത്തുനിന്നും ലക്ഷദ്വീപുമായി ബന്ധപ്പെട്ട് ഉരു, പാസഞ്ചർ സർവ്വീസ് തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൊടുങ്ങല്ലൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ